പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2534 — 11.10.2011 ൽ മറുപടിയ്ക്ക്

## താലൂക്കുകൾ രൂപീകരിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |

(എ) ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ കാര്യങ്ങളിൽ സംസ്ഥാനത്തെ താലൂക്കുകൾ തമ്മിൽ നിലനിൽക്കുന്ന വലിയ വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) തലശ്ശേരി - കുന്നത്തൂർ താലൂക്കുകളുടെ ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം നൽകുമോ;

(ബി)

| താലൂക്കുകൾ | ജനസംഖ്യ | വിസ്തൃതി | വില്ലേജുകളുടെ എണ്ണം |
|---|---|---|---|
| തലശ്ശേരി | 9,34,800 (2001 ലെ സെൻസസ്) | 1206.06 Sq.KM | 48 |
| കുന്നത്തൂർ | 1,99,330 | 13811 ഹെക്ടർ 95 ആർ 01 Sq.M | 7 |

(സി) ജനസംഖ്യ, വിസ്തൃതി, വില്ലേജുകളുടെ എണ്ണം എന്നീ ശാസ്ത്രീയ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് താലൂക്കുകൾ രൂപവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007 ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ